# അദ്ധ്യായം- 19

## ദൈവത്തിന്റെ ന്യായവിധിയെ പുകഴ്ത്തുന്നു. (വെളി :(19:1-6)

ബാബിലോൺ നഗരത്തിന്റെ നാശത്തിൽ സന്തോഷിക്കുന്നവരുടെ വർണ്ണനയോടെയാണ് ഈ അദ്ധ്യായം ആരംഭിക്കുന്നത്. 'അനന്തരം' എന്ന പദത്തോടെ ആരംഭിക്കുമ്പോൾ അതിനുമുൻപ് നടന്ന പ്രധാന സംഭവങ്ങൾ ചിന്തനീയമാക്കുക അനുയോജ്യമാണ്. 'ബാബിലോൺ' എന്ന നിഗൂഢമതത്തിന്റെയും , ആക്ഷരീക പട്ടണത്തിന്റെയും നാശത്തിനുശേഷം നടന്ന സംഭവങ്ങളാണ് ഇവിടെ കാണുന്നത്.

**സ്വർഗ്ഗത്തിലെ വലിയ പുരുഷാരം ഏത് ?**

(1) എടുക്കപ്പെട്ട സഭ (2) പഴയനിയമ ഭക്തന്മാർ (3) മഹോപദ്രവകാല രക്തസാക്ഷികൾ

കൂടാതെ

(4) പതിനായിരക്കണക്കിന് ദൂതൻമാർ.

**ഘോഷശബ്ദം എന്തായിരുന്നു?**

കുഞ്ഞാടിന്റെ കല്യാണത്തിന് മുന്നോടിയായിപ്പാടുന്ന 'ഹല്ലേലൂയ്യഗാനം'നാലുപ്രാവശ്യം ഇവിടെ പാടുന്നു.ഹല്ലേലൂയ്യ എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത് കർത്താവിന് സ്തോത്രം എന്നാണ്.ഹല്ലേലൂയ്യ എന്ന പദത്തിനു പിന്നാലെ അതിന്റെ കാരണവും കാണാം.

**ഒന്നാമത്തെ ഹല്ലേലൂയ്യ ഗീതം -** (വെളി :(19:1-2)

മുഖപക്ഷമില്ലാത്ത നീതിയുള്ള ന്യായാധിപതി നടത്തിയ പ്രവർത്തികണ്ട് സ്വർഗ്ഗം സന്തോഷിക്കുന്നു.

**രണ്ടാമത്തെ ഹല്ലേലുയ്യ ഗീതം എന്തിന് ?** (വെളി :(19:3)

മറ്റുള്ളവരെ തെറ്റുചെയ്യുവാൻ പ്രേരിപ്പിച്ചവളെ പ്രേരണാക്കുറ്റത്തിന് കുറ്റം വിധിക്കുന്നു. അവളുടെ (ബാബിലോണിന്റെ) ശിക്ഷ നിത്യമായതിനാലാണ് ഇവിടെ ഹല്ലേലൂയ്യ വിളിക്കുന്നത്

.**മൂന്നാമത്തെ ഹല്ലേലുയ്യ ഗീതം എന്തിന് ?** (വെളി :(19:4)

വലിയ പുരുഷാരത്തിന്റെ മഹാഘോഷമായി പറഞ്ഞ ഹല്ലേലുയ്യയെ സമ്മതിച്ച് ഇരുപത്തിനാലു മൂപ്പൻമാരും നാലുജീവികളും ഗീതം പാടുന്നു. ആമേൻ- അപ്രകാരം തന്നെ തുടർന്ന് ഹല്ലേലുയ്യ പറയുന്നതായിട്ടാണ് ഇവിടെ കാണുന്നത്. അതായത് ആദ്യം പറഞ്ഞത് സമ്മതിച്ചുകൊണ്ടുള്ള സ്തോത്രം. തുടർന്ന് സിംഹാസനസ്ഥനായ ദൈവത്തെ അവർ വീണ് നമസ്ക്കരിക്കുന്നു. (വചനത്തിൽ മറ്റൊരുദാഹരണം വായിക്കുക ആവ: (27:15-26)

**സിംഹാസനത്തിൽ നിന്നും പുറപ്പെടുന്ന കല്പനാ ശബ്ദം ആരുടേത്?** വെളി :(19-5)

‘ നമ്മുടെ ദൈവത്തെ’ എന്ന് പറയുന്നതിനാൽ ഇത് പിതാവിന്റെ ശബ്ദമല്ല. വീണ്ടെടുപ്പധി കാരപത്രം വാങ്ങി അതിൽ പ്രവർത്തനനിരതനായിരിക്കയാൽ പുത്രനുമല്ല. അതിനാൽ ഇത് പരി ശുദ്ധാത്മാവിന്റെ കല്പനാ ശബ്ദമാണ്. Chapter -4 ൽസിംഹാസനത്തിനു മുമ്പിൽ കാണപ്പെട്ട ആത്മാവ് ഇപ്പോൾ ദൈവസിംഹാസനത്തിൽതന്നെ ആയിരിക്കും എന്ന് മനസ്സിലാക്കാം.

ദൈവത്തെ പുകഴ്ത്തുവാൻ കല്പന ലഭിച്ചത് ആർക്കെല്ലാം ?---- വെളി (19:5)

**നാലാമത്തേതും അവസാനത്തേതുമായ ഹല്ലേലുയ്യയുടെ കാരണം എന്ത്?--------- വെളി (19:6)**

ലൂക്കോ : (1: 32 , 33)ലെ പ്രവചനം നിവൃത്തിയായി .

കുഞ്ഞാടിന്റെ കല്യാണസദ്യയുടെ വിവരണങ്ങൾ ---വെളി : (19: 7-9)

നിശ്ചയം കഴിഞ്ഞവരുടെ വിവാഹം മാത്രമേ നടക്കുകയുള്ളൂ - 2 കൊരി ( 11 : 2 )

(പഠിതാക്കളേ ! നിങ്ങൾ വിവാഹ നിശ്ചയം കഴിഞ്ഞവരോ? ക്രിസ്തു എന്ന ഏകപുരുഷനുമായി വിവാഹ നിശ്ചയം കഴിഞ്ഞവർ പിന്നെ ജാരൻമാരെ അന്വേഷിക്കുകയില്ല. കൂടാതെ ലോകവുമായി ഒരു ബന്ധത്തിനും പോകുകയുമില്ല. താഴ്മ, വിനയം , അനുസരണം ഇവ അവർക്കുണ്ടായിരി ക്കും)

**ക്രിസ്തുവും വിശ്വാസിയും തമ്മിലുണ്ടായിരിക്കേണ്ട നാലു ഗുണങ്ങൾ** — എഫേ (5: 21-25)

**കുഞ്ഞാടിന്റെ കല്യാണം**

ഇവിടെ കാന്ത തനിയേ ആണ് ഒരുങ്ങേണ്ടത് . കുഞ്ഞാട് തന്റെ വിലയേറിയ രക്തത്താൽ വിലയ്ക്കു വാങ്ങിയ തന്റെ വിശുദ്ധന്മാരുമായി ഒന്നായിച്ചേരുന്ന പരിപാവനവും , മഹനീയവു മായ ഒരനുഭവമാണ് കുഞ്ഞാടിന്റെ കല്യാണം. സൃഷ്ടിക്ക് പ്ലാൻ ഇട്ടപ്പോൾ നിശ്ചയിച്ചതാണ് കുഞ്ഞാടിന്റെ കല്യാണം . എന്നാൽ മണവാട്ടിയെ ഒരുക്കി അവരുടെ അംഗസംഖ്യ പൂർണ്ണമാക്കി ക്കൊണ്ടിരിക്കുകയാണ് പരിശുദ്ധാത്മാവ്. ഈ എണ്ണം പൂർത്തിയാകുമ്പോൾ മണവാളൻ വന്ന് അവളുടെ നീതി പ്രവർത്തിക്കുള്ള പ്രതിഫലം നല്കും – റോമ (11 :25,26)

**കല്യാണ സദ്യ**

കുഞ്ഞാടിന്റെ കല്യാണ സദ്യ ഭൗതീകമല്ല. പിതാവിന്റെ മഹത്വത്തിനൊത്തവണ്ണം ആയിരിക്കും.

**സദ്യയ്ക്ക് ക്ഷണിക്കപ്പെടുന്നവർ**

പിതാവിന്റെ ഭവനത്തിൽ നടക്കുന്ന വിവാഹ സദ്യയ്ക്ക് കുടുംബക്കാരും (എഫേ 3: 14,15) ദൂതൻമാരും , പഴയനിയമ ഭക്തന്മാരുമാണ് ക്ഷണിക്കപ്പെട്ടവരായി വരുന്നത്.

**സഹഭൃത്യൻ**

യോഹന്നാനു പറ്റിയ തെറ്റ് ദൂതൻ തിരുത്തുന്നു – വെളി :(19:10)

മനുഷ്യൻ എത്ര ഉന്നതരും ദൈവീക നിർദ്ദേശങ്ങൾ അനുസരിക്കുന്നവരായാലും അബദ്ധത്തിനി രയാകുന്നു.

ആരെ ആരാധിക്കണം. ? — മത്താ : (4:10)

വെളിപാട് പുസ്തകം ഇതുവരെ പഠിച്ചതിൽ നിന്നും മനസ്സിലാക്കേണ്ട കാര്യം ശ്രദ്ധി ക്കുക . വീണ്ടെടുപ്പുകാരനായ കർത്താവ് തന്റെ വിലയേറിയ രക്തം സ്വർഗ്ഗീയ കോടതിയാകുന്ന പിതൃസന്നിധിയിൽ കെട്ടിവച്ച് നമ്മെ വിലയ്ക്ക് വാങ്ങി . എബ്രാ :(9:11-12). എന്നാലിന്ന് സാത്താൻ അത് കൈവശമാക്കി വച്ചിരിക്കുന്നു. (1 യോഹ:(5:19) അവകാശം തിരികെ പ്രാപി ക്കുന്ന പ്രവർത്തി ഘട്ടം ഘട്ടമായി നിറവേറപ്പെടുന്നു.

(1) ഇപ്പോൾ നമ്മുടെ ആത്മാക്കളുടെ വീണ്ടെടുപ്പ് നടക്കുന്നു. ----റോമ : (8: 8-10), കൊലോ(1:14)

(2) ക്രിസ്തുവിന്റെ മദ്ധ്യാകാശ വരവിങ്കൽ നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പ് നിറവേറും

–റോമ : (8: 23), –ഫിലി:(3:20,21)

(3) അതിനുശേഷം യിസ്രയേലിന്റെ ജാതിയായുള്ള വീണ്ടെടുപ്പ് നിറവേറും . അതിനുള്ള കോടതി നടപടികളാണ് വെളി :4 മുതൽ 18 വരെയും. (യഥാർത്ഥ അവകാശിക്ക് കൈവശം വച്ച ഭൂമി കൊടുക്കാത്തപ്പോൾ അടയാള സഹിതം പോലീസ് സഹായത്തോടെ കോടതി ഇടപെട്ട് മടക്കി നൽകുന്നു.)

ഇതുപോലെ കർത്താവ് സ്വർഗ്ഗീയ സൈന്യാധിപനായി വന്ന് യുദ്ധം ചെയ്യുന്നു. –

വെളി(19:11-16)

<u>ഈ ഭാഗം പഠിക്കുവാനുള്ള ക്രമം ശ്രദ്ധിക്കുക</u>

(1) വെളി(16:12-16) - ഹർമ്മഗെദ്ദോനിൽ കൂടുന്ന സൈന്യം

(2) വെളി(19:11-21) - യുദ്ധത്തിന്റെ വിധം

(3) വെളി(14:17-20) - യുദ്ധത്തിന്റെ ഫലമായുണ്ടാകുന്ന രക്തചൊരിച്ചിലിന്റെ വിവരണം.

<u>യേശുക്രിസ്തുവിന്റെ മഹത്വ പ്രത്യക്ഷത</u> (19:11-16)

വെളി (19:11) വീണ്ടും ‘അനന്തരം’ എന്ന വാക്കിനാലാണ് ആരംഭിക്കുന്നത്. കുഞ്ഞാടിന്റെ കല്യാ ണശേഷമുള്ള തുടർനടപടി എന്തെന്ന് ഇവിടെ കാണാം. മണവാട്ടിയുടെ അവകാശത്തിന്മേലുള്ള പൂർണ്ണ അധികാരവും മണവാളനുള്ളതാണ്. തുടർന്നുള്ള സംഭവങ്ങൾ യോഹന്നാൻ കണ്ടെഴു തുന്നതാണ്.

പിതാവിന്റെ സിംഹാസന സ്ഥാനത്തു നിന്ന് വെള്ളക്കുതിരപ്പുറത്ത് വരുന്ന സർവ്വസൈന്യാധി പന്റെ പേരും , പ്രത്യേകതകളും എന്തെല്ലാം? –– വെളി (19:11-13)

അവന്റെ നാമം - ദൈവവചനത്തിലുള്ള അവന്റെ പേരുകൾ , സ്വഭാവം മനസ്സിലാക്കുവാൻ

സഹായിക്കുന്നു. ഉദാ: സത്യവാൻ ,സ്നേഹിതൻ, വഴികാട്ടി, നീതിമാൻ, അവന്റെ പലഗുണവിശേഷങ്ങളും നമുക്ക് ഉൾക്കൊള്ളുവാൻ വയ്യാത്തതാകയാലാണ് 'ഞാനാകുന്നവൻ ഞാനാകുന്നു' എന്ന് പറയുന്നത്.– (പുറ:3:13,14)

Read വെളി (19:13) യോഹ (1:1,2)

അവനെ അനുഗമിക്കുന്ന സ്വർഗ്ഗീയ സൈന്യത്തിന്റെ പ്രത്യേകതകൾ - വെളി (19:14)

യുദ്ധത്തിലുപയോഗിക്കുന്ന വാൾ ഏത്? —വെളി (19:15-16)

ആക്ഷരിക വാൾ കൊണ്ടല്ല ,അവന്റെ വായിലെ വാൾ അഥവാ അവന്റെ കല്പനയാൽ .

ഉദാ: ന്യായാ : (7:20-23)

<u>സഹോദരങ്ങളേ ! സമയം പാഴാക്കരുതേ മുന്നറിയിപ്പുകളെ അവഗണിക്കരുതേ.</u>

മഹാദിവസത്തിലെ യുദ്ധത്തിനായി രാജാക്കൻമാർക്കൂടി വന്ന സ്ഥലം - വെളി (16:16)

**<u>ഹർമ്മഗെദ്ദോൻ യുദ്ധം</u>**

ഈ വാക്കിന്റെ അർത്ഥം -മെഗിദ്ദോമല എന്നും കൊലമല എന്നും പറയുന്നു. തന്ത്രപ്രധാനമായ ഈ സ്ഥലം തിരഞ്ഞെടുത്തത് സാത്താന്റെ തന്ത്രമാകാം. ഈ <u>യുദ്ധത്തിന്റെ ലക്ഷ്യം</u> യിസ്രായേലിനെ ഒരു ദിവസം കൊണ്ട് ഇല്ലാതാക്കുക എന്നതാണ്. പഴയനിയമകാലത്തേ തുടക്കം കുറിച്ചതാണ് ഇന്നും അത് തുടരുന്നു എന്നു മാത്രം. -പുറ (1:7), (2:22) എസ്ഥേ (3:13), സങ്കീ (83:4,5)

(1967 ൽ നാസ്സറും , 1973 ൽ അൻവർ സാദത്തും 2014 ൽ ഗാസ്സയിൽ നിന്നുണ്ടായ ആക്രമണവും യിസ്രായേലിനെ ഭൂമുഖത്തുനിന്നും തുടച്ചു നീക്കുക എന്ന ലക്ഷ്യത്തോടെ ആയിരുന്നു.)

ഹർമ്മഗെദ്ദോനിൽ നടക്കുന്നതും ഇതിനായിട്ടുള്ള യുദ്ധമാണ്. ലോകരാഷ്ട്രങ്ങൾ അന്തിക്രിസ്തുവിന്റെ കൊടിക്കീഴിൽ പടയൊരുക്കം നടത്തും . യോഹന്നാൻ കണ്ട ദൃശ്യം - സൂര്യനിൽ നില്ക്കുന്ന ദൂതൻ

ദൂതന്റെ പ്രഖ്യാപനം എന്ത് ? — വെളി (19: 17,18)

ജയിക്കും എന്ന വ്യഥാ ചിന്തയോടെ വന്ന ദുഷ്ടസൈന്യത്തിന്റെ സ്ഥിതി എന്ത്? വെളി (19: 19,20)

മഹാ ദൈവത്തിന്റെ അത്താഴ വിരുന്നിൽ മാംസം തിന്ന പക്ഷികൾ തൃപ്തരാകുന്നു. –വെളി (19: 21)

**നാല് അത്താഴങ്ങൾ**

(1) **<u>രക്ഷയുടെ അത്താഴം</u>** - മനുഷ്യ വർഗ്ഗത്തിനായി ഒരുക്കപ്പെട്ട അത്താഴം . മത്താ (22:1-12)

(2) **<u>തിരുവത്താഴം</u>** - ഒന്നാമത്തെ അത്തോഴത്തിൽ പങ്കെടുത്തവർക്കു മാത്രമാണുള്ളത്. (1 കൊരി 11:20) (1 കൊരി 11:26-30)

(3) <u>**കുഞ്ഞാടിന്റെ കല്ല്യാണസദ്യ**</u>- ആദ്യ 2 അത്താഴങ്ങളിൽ പങ്കെടുത്തവർക്കു മാത്രം

(വെളി- 19:9)

(4) <u>**മഹാ ദൈവത്തിന്റെ അത്താഴം**</u>

കഴിഞ്ഞ മൂന്ന് അത്താഴങ്ങളിലും പങ്കാളികളാകാത്തവർ ഇവിടെ പക്ഷികളുടെ അത്താഴമാകും.

ജയാളിയായ കർത്താവിനോടൊപ്പം മണവാട്ടിയും , സ്വർഗ്ഗീയ സൈന്യവുമുണ്ടാകും. അവന്റെ ഈ വരവിൽ നാമും അവനോടൊപ്പം ഉണ്ടാകും എന്ന് നിശ്ചയമുണ്ടെങ്കിൽ നാം ഭാഗ്യവാൻമാരത്രെ